**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5139** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ എത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ബോർഡിന്റെ രൂപീകരണ വേളയിൽ എത്ര കർഷകർ അംഗത്വം എടുക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്; വ്യക്തമാക്കാമോ; | (എ) | കേരള കർഷക ക്ഷേമനിധി ബോർഡിൽ നാളിതുവരെ 15396 പേർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ 12608 പേർ രജിസ്ട്രേഷൻ തുക അടച്ചിട്ടുണ്ട്. 5 വർഷം കൊണ്ട് സംസ്ഥാനത്തെ എല്ലാ കർഷകരെയും ബോർഡിന്റെ അംഗത്വ പരിധിയിൽ കൊണ്ട് വരുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ക്ഷേമനിധിയിൽ കർഷകരുടെ അംഗത്വം ഉറപ്പാക്കുന്നതിന് കൃഷി വകുപ്പ് ഗൗരവത്തോടെ പ്രവർത്തനം നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | കർഷക ക്ഷേമനിധി ബോർഡിലേക്ക് കർഷകർ അടയ്ക്കുന്ന പ്രതിമാസ അംശാദായം എത്ര രൂപയാണ്; ഇതിന് തത്തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നുണ്ടോ; എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിനു പരിധി നിശ്ചയിച്ചിട്ടില്ല. അംഗങ്ങളുടെ അംശദായത്തിനു തത്തുല്യമായ തുക പരമാവധി 250 രൂപ വരെ സർക്കാർ വിഹിതമായി നൽകുന്നതാണ്. നിലവിൽ ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ഡി) | (E)മികച്ച രീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികൾ കൈകൊണ്ട് വരുന്നു. കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷ്ടിടിക്കുന്നതിനും, പ്രത്യേകിച്ച് ഇടത്തരം, ചെറുകിട കർഷകരിൽ, അതുവഴി അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണ പരിപാടികൾ |

| | | | |
|---|---|---|---|
| | | | നടത്തിവരുന്നു. ഇതിനു പുറമെ, കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നത്തിനും അംഗങ്ങളാക്കുന്നതിനും ജില്ല തോറും പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നടത്തിയിട്ടുള്ളതുമാണ്. |
| (ഇ) | സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അംഗത്വം നൽകിക്കൊണ്ട് മികച്ച രീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിച്ച് കൃഷിക്കാർക്ക് സഹായങ്ങൾ ലഭ്യമാക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷകക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽ നിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. നിധിയിലേക്ക് താഴെ പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br><br>1. അംഗങ്ങളുടെ നിധിയിലേക്കുള്ള അംശദായം;<br><br>2. കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേക്ക് നൽകുന്ന തുക;<br><br>3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;<br><br>4. ക്ഷേമനിധി ആക്ടിലെ 8-ആം വകുപ്പ് 2-ആം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിനു ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശാദായം;<br><br>5. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശികയും പലിശയും;<br><br>6. 2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ആം വകുപ്പ് 1-ആം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ‘കിസ്സാൻ അഭിമാൻ പദ്ധതി’ പ്രകാരം |

| | | | |
|---|---|---|---|
| | | | ട്രഷറി സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക;<br><br>7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങളോ ഏതെങ്കിലും സ്ഥപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ<br><br>8. 2013- ലെ കമ്പനി നിയമ പ്രകാരമുള്ള (2013 -ലെ 18 -ആം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;<br><br>9. കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;<br><br>10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;<br><br>11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;<br><br>12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടു കൂടി, കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും, മറ്റേതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;<br><br>13. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക |

സെക്ഷൻ ഓഫീസർ